No. IE(2)/OLA/1185/05 01.07.2026

**കേരള സിഡ്കോയുടെ കീഴിലുള്ള വിവിധ വ്യവസായ എസ്റ്റേറ്റ്/മിനി വ്യവസായ എസ്റ്റേറ്റ്/ വ്യവസായ പാർക്ക് എന്നിവിടങ്ങളിലെ ഒഴിവുള്ള ഷെഡ്/ഭൂമി 30 വർഷ ലീസ്/വാടക/ തറവാടക വ്യവസ്ഥയിൽ അനുവദിച്ചു നൽകുന്നതിനുള്ള നോട്ടിഫിക്കേഷൻ**

കേരള സിഡ്കോയുടെ അധീനതയിലുള്ള വ്യവസായ എസ്റ്റേറ്റ്/മിനി വ്യവസായ എസ്റ്റേറ്റ്/വ്യവസായ പാർക്ക് എന്നിവിടങ്ങളിൽ ഒഴിവുള്ള ഭൂമി/ഷെഡ് സിഡ്കോ ബോർഡ് തീരുമാനിക്കുന്നതനുസരിച്ച് 30 വർഷലീസ്/വാടക/തറവാടക വ്യവസ്ഥയിൽ അനുവദിച്ചു നൽകുന്നതിനായി അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. നോട്ടിഫിക്കേഷൻ മുഴുവനായും വായിച്ചു ബോധ്യപ്പെട്ടശേഷം എന്തെങ്കിലും സംശയനിവൃത്തി ആവശ്യമാണെങ്കിൽ 0471 –2330613,614 എന്ന നമ്പരിൽ സിഡ്കോ ഹെഡ് ഓഫീസിലെ വ്യവസായ എസ്റ്റേറ്റ് വിഭാഗവുമായി ബന്ധപ്പെട്ടശേഷം മാത്രം അപേക്ഷ സമർപ്പിക്കേ താണ്. നോട്ടിഫിക്കേഷൻ പ്രകാരം വിശദമാക്കിയിട്ടുള്ള പ്രദേശങ്ങൾ സിഡ്കോയ്ക്ക് മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കണമെന്ന് വരികയാണെങ്കിൽ മുന്നറിയിപ്പ് ഇല്ലാതെ പ്രസ്തുത പ്രദേശങ്ങൾ നോട്ടിഫിക്കേഷനിൽ നിന്ന് മുൻകൂട്ടി അറിയിപ്പ് ഇല്ലാതെ ഒഴിവാക്കാനും പ്രസ്തുത പ്രദേശങ്ങൾക്ക് ലഭിച്ച അപേക്ഷ കാരണം ബോധിപ്പിക്കാതെ നിരാകരിക്കാനും സിഡ്കോ മാനേജിംഗ് ഡയറക്ടർക്ക് ഈ നോട്ടിഫിക്കേഷൻ പ്രകാരം അധികാരം ഉണ്ടായിരിക്കുന്നതാണ്.

സർക്കാർ ഉത്തരവ് പ്രകാരം സിഡ്കോ വ്യവസായ എസ്റ്റേറ്റ് ഡിവിഷനിലെ സീനിയർ മാനേജർ/മാനേജർ ആയിരിക്കും അലോട്ടിംഗ് അതോറിറ്റി. വ്യവസായ എസ്റ്റേറ്റ് ഡിവിഷൻ മേധാവി ഒന്നാം അപ്പീൽ അധികാരിയും മാനേജിംഗ് ഡയറക്ടർ രണ്ടാം അപ്പീൽ അധികാരിയും ആയിരിക്കും. 331/15, 331/21 എന്നീ ബോർഡ് തീരുമാനങ്ങൾ പ്രകാരം നടക്കുന്ന ഒല്ലൂർ വ്യവസായ എസ്റ്റേറ്റിലെ സർവ്വീസ് വർക്ക്ഷോപ്പുമായി ബന്ധപ്പെട്ട അലോട്ട്മെന്റ്, കൊല്ലം മുണ്ടക്കൽ സിഡ്കോ ആർ.എം ഓഫീസിന്റെ അനുബന്ധമായ ഭൂമി അലോട്ട്മെന്റ് എന്നിവ ബന്ധപ്പെട്ട ബോർഡ് തീരുമാനത്തിന് അനുസൃതമായി സ്വീകരിക്കുന്ന തുടർ നടപടികളുടെ തീർപ്പിന്റെകൂടി അടിസ്ഥാനത്തിലായിരിക്കും നടക്കുക.

ഷെഡ്ഡ്/ഭൂമിഎന്നിവ നിലവിലുള്ള അവസ്ഥയിൽ മാത്രമാകും അനുവദിക്കുക. ആയതിന് എന്തെങ്കിലും ഡവലപ്പ്മെന്റ് വേ ി വരുന്നുവെ ങ്കിൽ, ആയത് അലോട്ടി സ്വന്തം നിലയിൽതന്നെ നിർവ്വഹിക്കേ താണ്. ടി ഇനത്തിൽ നിലവിലോ ഭാവിയിലോ യാതൊരു തുകയും സിഡ്കോ അനുവദിക്കുന്നതല്ല. കേരള സിഡ്കോയുടെ കീഴിലുള്ള വിവിധ വ്യവസായ എസ്റ്റേറ്റ്/മിനി വ്യവസായ എസ്റ്റേറ്റ്/ വ്യവസായ പാർക്ക് എന്നിവിടങ്ങളിൽ നിലവിൽ ഒഴിവുള്ള ഭൂമി/ഷെഡ്ഡ് സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു

| നമ്പർ | എസ്റ്റേറ്റിന്റെ പേര് | നിരക്ക് | ബന്ധപ്പെടേ വിലാസം |
|---|---|---|---|
| 1 | വ്യവസായഎസ്റ്റേറ്റ്, ഒലവക്കോട്<br>പ്ലോട്ട് നമ്പർ 81 – 20.57 സെന്റ്<br>പ്ലോട്ട് നമ്പർ 17 – 12 സെന്റ്<br>പ്ലോട്ട് നമ്പർ 1 – 18.21 സെന്റ്<br>പ്ലോട്ട് നമ്പർ 36 – 10.008 സെന്റ്<br>പ്ലോട്ട് നമ്പർ 3 – 4.02 സെന്റ്<br>പ്ലോട്ട് നമ്പർ 16 എ – 5 സെന്റ്<br>പ്ലോട്ട് നമ്പർ 16 ഡി – 5 സെന്റ്<br>പ്ലോട്ട് നമ്പർ 72(a) – 9.83 സെന്റ് ഭൂമി<br>പ്ലോട്ട് നമ്പർ 72(b) – 5 | ലീസ് വ്യവസ്ഥയിൽ അനുവദിക്കുന്നതിന് അപേക്ഷസമർപ്പിക്കാവുന്നതാണ്.<br><br>ഭൂമി<br>ലീസ് വ്യവസ്ഥയിൽ അനുവദിക്കുമ്പോൾ എസ്റ്റേറ്റിലെ നിലവിലെ ഭൂവില ലീസ് പ്രീമിയം ആയി ഒടുക്കേ തും സെന്റ് ഒന്നിന് 1 രൂപ നിരക്കിൽ വാർഷിക വാടക ഒടുക്കേ തുമാണ്. ഭൂവില സെന്റിന് 2,91,498/-<br><br>ഷെഡ്ഡ്<br>ലീസ് വ്യവസ്ഥയിൽ അനുവദിക്കുമ്പോൾ സ്ക്വയർഫീറ്റിന് 300/- രൂപ പ്രകാരം വില ഒടുക്കേ താണ്. | എസ്റ്റേറ്റ് മാനേജർ വ്യവസായ എസ്റ്റേറ്റ്, ഒലവക്കോട്<br>ഫോൺനമ്പർ:0491 –2555158, 7907469602 |

| | | | |
|---|---|---|---|
| | സെന്റ് ഭൂമി<br>ഷെഡ് നമ്പർ സി.19 (1473 സ്ക്വയർ ഫീറ്റ്),<br>സി.11 ഷെഡ്ഡ് - (1091 സ്ക്വയർ ഫീറ്റ്)<br>സി.20 ഷെഡ്ഡ് - (1472 സ്ക്വയർ ഫീറ്റ്)<br>Canteen Building (1031 Sqft) + 7.91 സെന്റ് അനുബന്ധ ഭൂമി<br>C3 – 1709 sqft + 7.38 സെന്റ് അനുബന്ധ ഭൂമി<br>B11 - 2145.54 sqft + 16.8 സെന്റ് അനുബന്ധ ഭൂമി<br>B12 - 2018.46 sqft + 15.64 സെന്റ് അനുബന്ധ ഭൂമി<br>50 സെന്റ് | | |
| 2 | വ്യവസായ എസ്റ്റേറ്റ്, പള്ളുരുത്തി<br>ഷെഡ് നമ്പർ എ3 (3269.53 സ്ക്വയർഫീറ്റ്) ഉൾപ്പെടെ 16.08 സെന്റ് ഭൂമി (പ്ലോട്ട് നമ്പർ 4) | വാടക വ്യവസ്ഥയിൽ അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്.<br>ഭൂമി<br>വാടക വ്യവസ്ഥയിൽ അനുവദിക്കുമ്പോൾ എസ്റ്റേറ്റിലെ നിലവിലെ ഭൂവിലയുടെ 25% തിരികെ നൽകാത്ത തുകയായി സിഡ്കോ-യിൽ കെട്ടി വെയ്ക്കേണ്ടതാണ്.<br>ഭൂവില സെന്റിന് 19,23,887/- രൂപ<br>കൂടാതെ<br>**ഭൂമി** മാസവാടക വ്യവസ്ഥയിൽ അനുവദിച്ചുനൽകുമ്പോൾ ചതുരശ്ര അടിക്ക് പ്രതിമാസം 2/- രൂപ നിരക്കിൽ വാടക ഒടുക്കേണ്ടതും ഭൂവിലയുടെ 5%-വും 3 മാസവാടകയും ചേർന്ന തുക തിരിച്ച് നൽകാത്ത അഡ്വാൻസ് ഇനത്തിൽ അലോട്ടി ഒടുക്കേണ്ടതുമാണ്.<br>കൂടാതെ<br>ഷെഡ്ഡ് മാസവാടക വ്യവസ്ഥയിൽ അനുവദിക്കുമ്പോൾ ചതുരശ്ര അടിക്ക് പ്രതിമാസം 6/- രൂപ നിരക്കിൽ വാടക ഒടുക്കേതും 6 മാസത്തെ വാടക തിരികെ നൽകാത്ത അഡ്വാൻസ് ആയും ഒടുക്കേ തുമാണ് (Non refundable). | എസ്റ്റേറ്റ് മാനേജർ<br>വ്യവസായ എസ്റ്റേറ്റ്, മുടിക്കൽ<br>ഫോൺ നമ്പർ: 9847652527 |

| | | | |
|---|---|---|---|
| 3 | വ്യവസായ എസ്റ്റേറ്റ്, കാരക്കാട്<br><br>ഏകദേശം 5 സെന്റ് | ലീസ് വ്യവസ്ഥയിൽ അനുവദിക്കുന്നതിന് അപേക്ഷസമർപ്പിക്കാവുന്നതാണ്.<br><br>ഭൂമി<br>ലീസ് വ്യവസ്ഥയിൽ അനുവദിക്കുമ്പോൾ എസ്റ്റേറ്റിലെ നിലവിലെ ഭൂവില ലീസ് പ്രീമിയം ആയി ഒടുക്കേ തും സെന്റ് ഒന്നിന് 1 രൂപ നിരക്കിൽ വാർഷിക വാടക ഒടുക്കേ തുമാണ്. ഭൂവില സെന്റിന് 5,66,841/- | എസ്റ്റേറ്റ് മാനേജർ<br>വ്യവസായ എസ്റ്റേറ്റ്, കാരക്കാട്,<br>ഫോൺനമ്പർ:0491 -2555158, 7907469602 |
| 4. | മിനി വ്യവസായ എസ്റ്റേറ്റ്, പട്ടാമ്പി - പ്ലോട്ട് നമ്പർ.9 - 3.3 സെന്റ് | ലീസ് വ്യവസ്ഥയിൽ അനുവദിക്കുന്നതിന് അപേക്ഷസമർപ്പിക്കാവുന്നതാണ്.<br><br>ഭൂമി ലീസ്വ്യവസ്ഥയിൽ അനുവദിക്കുമ്പോൾ എസ്റ്റേറ്റിലെ നിലവിലെ ഭൂവില ലീസ് പ്രീമിയം ആയി ഒടുക്കേ തും സെന്റ് ഒന്നിന് 1 രൂപ നിരക്കിൽ വാർഷിക വാടക ഒടുക്കേ തുമാണ്. ഭൂവിലസെന്റിന് 5,77,554/- | എസ്റ്റേറ്റ് മാനേജർ<br>വ്യവസായഎസ്റ്റേറ്റ്, ഒലവക്കോട്<br>ഫോൺനമ്പർ:0491 -2555158, 7907469602 |
| 5. | വ്യവസായ പാർക്ക്, അത്താണി<br><br>പ്ലോട്ട് നമ്പർ 5 - 10 സെന്റ്<br><br>പ്ലോട്ട് നമ്പർ 52 - 10 സെന്റ് | ലീസ് വ്യവസ്ഥയിൽ അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്. അവസാനം നടന്ന അലോട്ട്മെന്റിന്റെ ലീസ് പ്രീമിയം തുകയാണ് അടിസ്ഥാന ലീസ് പ്രീമിയമായി കണക്കാക്കുന്നത്. ലീസ് പ്രീമിയം തുക സെന്റിന് 8,37,465/- | എസ്റ്റേറ്റ് മാനേജർ<br>വ്യവസായ പാർക്ക്, അത്താണി,<br>സിഡ്കോ വ്യവസായ എസ്റ്റേറ്റ്, കല്ലേറ്റുംകര<br>ഫോൺ: 9995254659 |
| 6. | വ്യവസായഎസ്റ്റേറ്റ്, കാസർഗോഡ്<br><br>പ്ലോട്ട് നം.24 - 11 സെന്റ് (electric line)<br><br>പ്ലോട്ട് നം.25 - 3.8 സെന്റ് (electric line)<br><br>പ്ലോട്ട് നമ്പർ 60- 46.2 സെന്റ്<br><br>പ്ലോട്ട് നമ്പർ 63 - ഏകദേശം 26 സെന്റ് | പ്ലോട്ടുകളായും അനുവദിക്കും. ലീസ് വ്യവസ്ഥയിൽ അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്.<br><br>ഭൂമി<br>ലീസ് വ്യവസ്ഥയിൽ അനുവദിക്കുമ്പോൾ എസ്റ്റേറ്റിലെ നിലവിലെ ഭൂവില ലീസ് പ്രീമിയം ആയി ഒടുക്കേ തും സെന്റ് ഒന്നിന് 1 രൂപ നിരക്കിൽ വാർഷിക വാടക ഒടുക്കേ തുമാണ്. ഭൂവില സെന്റിന് 9,95,826/- രൂപ. | എസ്റ്റേറ്റ്മാനേജർ<br>വ്യവസായഎസ്റ്റേറ്റ്, വിദ്യാനഗർ പി.ഒ.കാസർഗോഡ്<br>ഫോൺ:<br>04994-255931<br>9483651356 |

| | | | |
|---|---|---|---|
| 7. | വ്യവസായഎസ്റ്റേറ്റ്, പാപ്പനംകോട് - 3 സെന്റ് | ലീസ് വ്യവസ്ഥയിൽ അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്.<br><br>ഭൂമി<br>ലീസ് വ്യവസ്ഥയിൽ അനുവദിക്കുമ്പോൾ എസ്റ്റേറ്റിലെ നിലവിലെ ഭൂവില ലീസ് പ്രീമിയം ആയി ഒടുക്കേ തും സെന്റ് ഒന്നിന് 1 രൂപ നിരക്കിൽ വാർഷിക വാടക ഒടുക്കേ തുമാണ്. ഭൂവില സെന്റിന് 6,81,214/- രൂപ. | എസ്റ്റേറ്റ്മാനേജർ വ്യവസായ എസ്റ്റേറ്റ്, പാപ്പനംകോട്<br>ഫോൺ നമ്പർ: 9446329716 |
| 8. | മിനി വ്യവസായ എസ്റ്റേറ്റ്, വർക്കല<br><br>1. ഷെഡ്ഡ് നം. 12 ഉൾപ്പെട്ടുന്ന 3.5 സെന്റ് ഭ്രമി<br><br>2. 687.15 sqft ഭ്രമി | ലീസ് വ്യവസ്ഥയിൽ അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്.<br><br>ഭൂമി ലീസ് വ്യവസ്ഥയിൽ അനുവദിക്കുമ്പോൾ എസ്റ്റേറ്റിലെ നിലവിലെ ഭൂവില ലീസ് പ്രീമിയം ആയി ഒടുക്കേ തും സെന്റ് ഒന്നിന് 1 രൂപ നിരക്കിൽ വാർഷിക വാടക ഒടുക്കേ തുമാണ്. ഭൂവില സെന്റിന് 3,81,186/-<br><br>ഷെഡ്ഡ് ലീസ് വ്യവസ്ഥയിൽ അനുവദിക്കുമ്പോൾ സ്ക്വയർഫീറ്റിന് 200/- രൂപ പ്രകാരം വില ഒടുക്കേ താണ്. | എസ്റ്റേറ്റ് മാനേജർ വ്യവസായ എസ്റ്റേറ്റ്, പാപ്പനംകോട്<br>ഫോൺ നമ്പർ: 9446329716 |
| 9 | മിനി വ്യവസായ എസ്റ്റേറ്റ്, പിറവം<br><br>8 സെന്റ് ഭൂമി | ലീസ് വ്യവസ്ഥയിൽ അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്.<br>ഭൂമി ലീസ് വ്യവസ്ഥയിൽ അനുവദിക്കുമ്പോൾ എസ്റ്റേറ്റിലെ നിലവിലെ ഭൂവില ലീസ് പ്രീമിയം ആയി ഒടുക്കേ തും സെന്റ്ഒന്നിന് 1 രൂപ നിരക്കിൽ വാർഷിക വാടക ഒടുക്കേ തുമാണ്. ഭൂവിലസെന്റിന് 9,12,839/- | എസ്റ്റേറ്റ് മാനേജർ വ്യവസായ എസ്റ്റേറ്റ്, മുടിക്കൽ<br>ഫോൺ നമ്പർ: 9847652527 |
| 10 | വ്യവസായ എസ്റ്റേറ്റ്, ചേർത്തല<br><br>4.5 സെന്റ് ഭൂമി | ലീസ് വ്യവസ്ഥയിൽ അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്.<br>ഭൂമി<br>ലീസ് വ്യവസ്ഥയിൽ അനുവദിക്കുമ്പോൾ എസ്റ്റേറ്റിലെ നിലവിലെ ഭൂവില ലീസ് പ്രീമിയം ആയി ഒടുക്കേ തും സെന്റ് ഒന്നിന് 1 രൂപ നിരക്കിൽ വാർഷിക വാടക ഒടുക്കേ തുമാണ്. ഭൂവില സെന്റിന് 5,31,468/- രൂപ | എസ്റ്റേറ്റ് മാനേജർ വ്യവസായ എസ്റ്റേറ്റ് ചേർത്തല<br>ഫോൺ നമ്പർ: 9446032267 |

| | | | |
|---|---|---|---|
| 11. | വ്യവസായ എസ്റ്റേറ്റ്, ഏറ്റുമാനൂർ<br><br>അഡ്മിനിസ്ട്രേറ്റീവ് ഓഫീസിന്റെ ബേസ്മെന്റ് ഫ്ളോറിൽ (സെല്ലാർ) 1139 സ്ക്വയർ ഫീറ്റ് കെട്ടിടം<br><br>അഡ്മിനിസ്ട്രേറ്റീവ് ഓഫീസിന്റെ 1st ഫ്ളോറിൽ 1139 സ്ക്വയർ ഫീറ്റ് കെട്ടിടം<br><br>Ground Floor-ൽ 174.31 സ്ക്വയർ ഫീറ്റ് വീതമുള്ള 2 ഓഫീസ് കെട്ടിടങ്ങൾ (ആകെ 348.62 സ്ക്വയർ ഫീറ്റ്) | മാസ വാടക വ്യവസ്ഥയിൽ അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്.<br><br>ഷെഡ്ഡ് മാസ വാടക വ്യവസ്ഥയിൽ അനുവദിക്കുമ്പോൾ ചതുരശ്ര അടിക്ക് പ്രതിമാസം 25 രൂപ നിരക്കിൽ വാടക ഒടുക്കേ തും 6 മാസത്തെ വാടക തിരികെ നൽകാത്ത അഡ്വാൻസ് ആയും ഒടുക്കേ തുമാണ് (Non refundable).<br><br>ഏറ്റുമാനൂർ വ്യവസായ എസ്റ്റേറ്റ് ഫോറത്തിനും നിലവിലെ വ്യവസായികൾക്കും മുൻഗണന നൽകുന്നതാണ്. | എസ്റ്റേറ്റ് മാനേജർ<br>വ്യവസായ എസ്റ്റേറ്റ്<br>ഏറ്റുമാനൂർ<br>ഫോൺ നമ്പർ:<br>9747795466 |
| 12 | വ്യവസായ എസ്റ്റേറ്റ്, ഏറ്റുമാനൂർ<br><br>184.1036 സ്ക്വയർ ഫീറ്റ് കെട്ടിടം<br><br>പഴയ അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് കെട്ടിടം ഉൾപ്പെടെ ഏകദേശം 85 സെന്റ് (നിലവിൽ മെ. സ്റ്റെർലിംഗ് ലൂബ്രിക്കൻസ് പ്രവർത്തിക്കുന്ന ഭാഗം ഒഴികെ, സിഡ്കോ നിശ്ചയിക്കുന്നത് പ്രകാരം) | മാസവാടക വ്യവസ്ഥയിൽ അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്.<br>ഷെഡ്ഡ് മാസ വാടക വ്യവസ്ഥയിൽ അനുവദിക്കുമ്പോൾ ചതുരശ്ര അടിക്ക് പ്രതിമാസം 6 രൂപ നിരക്കിൽ വാടക ഒടുക്കേ തും 6 മാസത്തെ വാടക തിരികെ നൽകാത്ത അഡ്വാൻസ് ആയും ഒടുക്കേ തുമാണ് (Non refundable).<br><br>ലീസ് വ്യവസ്ഥയിൽ അനുവദിക്കുന്നതാണ്. ലീസ് പ്രിമിയം തുക സെന്റിന് 3,45,109/- രൂപ.<br><br>കെട്ടിടത്തിന് സിഡ്കോ എഞ്ചിനീയിറിംഗ് വിഭാഗം നിശ്ചയിക്കുന്ന തുക ലീസ് പ്രിമിയം | എസ്റ്റേറ്റ് മാനേജർ<br>വ്യവസായ എസ്റ്റേറ്റ്<br>ഏറ്റുമാനൂർ<br>ഫോൺ നമ്പർ:<br>9747795466 |
| 13 | മിനി വ്യവസായ എസ്റ്റേറ്റ്, നാട്ടകം<br><br>3 സെന്റ് ഭൂമി | ലീസ് വ്യവസ്ഥയിൽ അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്.<br><br>ഭൂമി<br>ലീസ് വ്യവസ്ഥയിൽ അനുവദിക്കുമ്പോൾ എസ്റ്റേറ്റിലെ നിലവിലെ ഭൂവില ലീസ് പ്രീമിയം ആയി ഒടുക്കേ തും സെന്റ് ഒന്നിന് 1 രൂപ നിരക്കിൽ വാർഷിക വാടക ഒടുക്കേ തുമാണ്. ഭൂവില സെന്റിന് 2,38,206/- രൂപ | എസ്റ്റേറ്റ് മാനേജർ<br>വ്യവസായ എസ്റ്റേറ്റ്<br>ഏറ്റുമാനൂർ<br>ഫോൺ നമ്പർ:<br>9747795466 |
| 14 | വ്യവസായ എസ്റ്റേറ്റ്, ഒല്ലൂർ. | ലീസ് വ്യവസ്ഥയിൽ അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്. | എസ്റ്റേറ്റ് മാനേജർ<br>വ്യവസായ എസ്റ്റേറ്റ്<br>ഒല്ലൂർ |

| | | | |
|---|---|---|---|
| | പ്ലോട്ട് നമ്പർ 4 – 10.6 സെന്റ് | ഭൂമി<br>ലീസ് വ്യവസ്ഥയിൽ അനുവദിക്കുമ്പോൾ എസ്റ്റേറ്റിലെ നിലവിലെ ഭൂവില ലീസ് പ്രീമിയം ആയി ഒടുക്കേ തും സെന്റ് ഒന്നിന് 1 രൂപ നിരക്കിൽ വാർഷിക വാടക ഒടുക്കേ തുമാണ്. ഭൂവില സെന്റിന് 7,38,966/- രൂപ. | ഫോൺ നമ്പർ: 9995254659 |
| 15 | വ്യവസായ എസ്റ്റേറ്റ്, കരുനാഗപ്പള്ളി<br><br>1) 1154Sqft ഷെഡ്ഡ് ഉൾപ്പെടുന്ന 5.91 സെന്റ് ഭൂമി | ലീസ് വ്യവസ്ഥയിൽ അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്.<br><br>ഭൂമി<br>ലീസ് വ്യവസ്ഥയിൽ അനുവദിക്കുമ്പോൾ എസ്റ്റേറ്റിലെ നിലവിലെ ഭൂവില ലീസ് പ്രീമിയം ആയി ഒടുക്കേ തും സെന്റ് ഒന്നിന് 1 രൂപ നിരക്കിൽ വാർഷിക വാടക ഒടുക്കേ തുമാണ്. ഭൂവില സെന്റിന് 5,92,156/- രൂപ<br><br>ഷെഡ്ഡ് ലീസ് വ്യവസ്ഥയിൽ അനുവദിക്കുമ്പോൾ സ്ക്വയർഫീറ്റിന് 300/- രൂപ പ്രകാരം വില ഒടുക്കേ താണ്. | എസ്റ്റേറ്റ് മാനേജർ വ്യവസായ എസ്റ്റേറ്റ് കരുനാഗപ്പള്ളി ഫോൺ നമ്പർ: 9895092039 |
| 16 | ഒല്ലൂർ സർവ്വീസ് വർക്ക്ഷോപ്പിന്റെ ഭാഗമായ അധിക സ്ഥലം. (ഏകദേശം 20 സെന്റ്)<br><br>(14.07.2025 തിയതിയിലെ 331/15 നമ്പർ ഡയറക്ടർ ബോർഡ് തീരുമാനം) | ലീസ് വ്യവസ്ഥയിൽ അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്.<br><br>ഭൂമി<br>ലീസ് വ്യവസ്ഥയിൽ അനുവദിക്കുമ്പോൾ എസ്റ്റേറ്റിലെ നിലവിലെ ഭൂവില ലീസ് പ്രീമിയം ആയി ഒടുക്കേ തും സെന്റ് ഒന്നിന് 1 രൂപ നിരക്കിൽ വാർഷിക വാടക ഒടുക്കേ തുമാണ്. ഭൂവില സെന്റിന് 7,38,966/- രൂപ<br><br>ഷെഡ്ഡ് ലീസ് വ്യവസ്ഥയിൽ അനുവദിക്കുമ്പോൾ സ്ക്വയർഫീറ്റിന് 300/- രൂപ പ്രകാരം വില ഒടുക്കേ തും കൂടാതെ സിഡ്കോ എഞ്ചിനീയറിംഗ് വിഭാഗം നിർണ്ണയിക്കുന്ന അധിക വിലയും അലോട്ടി ഒടുക്കേണ്ടതാണ്.<br><br>സർവ്വീസ് വർക്ക് ഷോപ്പിന്റെ ഭാഗമായുള്ള മെഷിനറികൾ പരമാവധി ഒരു ഭാഗത്തേയ്ക്ക് ചുരുക്കി കേടുപാടുകൾ, മറ്റ് നഷ്ടങ്ങൾ എന്നിവ കൂടാതെ സ്വന്തം ചെലവിൽ സിഡ്കോ നിർദ്ദേശിക്കും പ്രകാരം അലോട്ടി മാറ്റി വയ്ക്കേണ്ടതാണ്. പ്രത്യേകം കവാടവും ഇതിന് | മാനേജർ, സിഡ്കോ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, ഒല്ലൂർ Ph: 9995254659 |

| | | | |
|---|---|---|---|
| | | ഏർപ്പെടുത്തണം. അനുബന്ധമായ ഇലക്ട്രിക് വർക്ക് അടക്കം മുഴുവൻ പ്രവർത്തികളും അലോട്ടി തന്നെ ചെയ്യണം. കേടുപാടുകൾ ഉണ്ടായാൽ ബാധ്യത അലോട്ടി നിർവ്വഹിക്കണം. അലോട്ട് ചെയ്യുന്ന ഷെഡ്ഡിൽ പ്രതിവർഷം അറ്റകുറ്റ പണി അലോട്ടി ചെയ്യേണ്ട താണ്. ഇക്കാര്യങ്ങൾ രേഖപ്പെടു ത്തുന്ന എഗ്രിമെന്റ് സിഡ്കോ നൽകും. ആയത് അലോട്ടി അംഗീകരിച്ച് ഒപ്പുവച്ച് നൽകേണ്ട താണ്. ഒരു സി.എഫ്.സി -ക്ക് യോജിച്ച നിലയിൽ ടി സർവ്വീസ് വർക്ക്ഷോപ്പ് അലോട്ടി യുടെ ചെലവിൽ മാറ്റിയൊരുക്കിയ ശേഷമാകും അലോട്ട്മെന്റ് നടത്തുക. ഒരു ഘട്ടത്തിലും, ഒരു കാരണവശാലും ownership-നുള്ള നിയുക്ത അലോട്ടിയുടെ അപേക്ഷ സ്വീകാര്യമാകില്ല. അത്തരം അപേക്ഷകൾ ഭാവിയിൽ മുന്നോട്ട് വയ്ക്കുന്നത് സ്വാഭാവികമായ അലോട്ട്മെന്റ് റദ്ദാവലിന് കാരണമാകുന്നതാണ്. ഇക്കാര്യം വ്യവസ്ഥയായി എഗ്രിമെന്റിൽ ചേർക്കുന്നതാണ്. | |
| 17. | മുണ്ടക്കൽ ഡവലപ്മെന്റ് പ്ലോട്ട്, കൊല്ലം<br><br>(14.07.2025 തിയതിയിലെ 331/19/2025-26 നമ്പർ ഡയറക്ടർ ബോർഡ് തീരുമാനം) | കൊല്ലം ജില്ലയിലെ വ്യവസായ എസ്റ്റേറ്റുകളിൽ ഏറ്റവും ഉയർന്ന വിലയുള്ള കരുനാഗപ്പള്ളി വ്യവസായ എസ്റ്റേറ്റിലെ ഭൂവിലയായ സെന്റിന് 5,92,156/- രൂപ നിരക്കിൽ വ്യവസായ ആവശ്യത്തിന് ഭൂമി അനുവദിച്ചു നൽകുന്നതാണ്.<br>പുതിയ ഭൂവില റവന്യൂ കാര്യാലയത്തിൽ നിന്നും ലഭിക്കുമ്പോൾ ഉയർന്നവിലയാണ് ലഭിക്കുന്നതെങ്കിൽ ആയത് പ്രകാരവും കുറഞ്ഞ വിലയാണ് ലഭിക്കുന്നതെങ്കിൽ ആയതു പ്രകാരവും (സിഡ്കോ ഡയറക്ടർ ബോർഡ് തീരുമാനത്തിന് വിധേയമായി) ഭൂമി അനുവദിച്ചു നൽകുന്നതാണ്. ഭൂമി ലീസ് വ്യവസ്ഥയിൽ അനുവദിക്കുമ്പോൾ എസ്റ്റേറ്റിലെ നിലവിലെ ഭൂവില ലീസ് പ്രീമിയം ആയി ഒടുക്കേ തും സെന്റ് ഒന്നിന് 1 രൂപ നിരക്കിൽ വാർഷിക വാടക ഒടുക്കേ തുമാണ്.<br><br>ഷെഡ്ഡ്<br>ചതുരശ്രഅടിക്ക് 300 രൂപ പ്രകാരം വില ഒടുക്കേ താണ് | മാനേജർ, സിഡ്കോ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, ഉമയനല്ലൂർ, കൊല്ലം<br>Ph: 9895092039 |

| | | | |
|---|---|---|---|
| 18. | സിഡ്കോ മിനി വ്യവസായ എസ്റ്റേറ്റ്, സുൽത്താൻബത്തേരി<br><br>ഷെഡ്ഡ് (ഏരിയ ലഭ്യമല്ല. അറ്റകുറ്റപ്പണികൾ ചെയ്ത് എടുക്കേണ്ടതാണ്. ആയതിന് ചെലവാകുന്ന തുക വാടകയിൽ കുറവു വരുത്തുന്നതാണ് ) | മാസവാടക വ്യവസ്ഥയിൽ അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്.<br>ഷെഡ്ഡ് മാസവാടക വ്യവസ്ഥയിൽ അനുവദിക്കുമ്പോൾ ചതുരശ്ര അടിക്ക് പ്രതിമാസം 6 രൂപ നിരക്കിൽ വാടക ഒടുക്കേതും 6 മാസത്തെ വാടക തിരികെ നൽകാത്ത അഡ്വാൻസ് ആയും ഒടുക്കേ തുമാണ് (Non refundable). | എസ്റ്റേറ്റ് മാനേജർ മിനി വ്യവസായ എസ്റ്റേറ്റ്, സുൽത്താൻ ബത്തേരി<br>Ph: 8075299417 |
| 19 | സിഡ്കോ മിനി വ്യവസായ എസ്റ്റേറ്റ്, ചിതറ<br>Shed No. 9 – 700 sq.ft<br>Shed No.10 – 950 sq.ft | ലീസ് വ്യവസ്ഥയിൽ അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്.<br><br><u>ഭൂമി</u><br><br>ഷെഡ്ഡ് ലീസ് വ്യവസ്ഥയിൽ അനുവദിക്കുമ്പോൾ സ്ക്വയർഫീറ്റിന് 300/- രൂപ പ്രകാരം വില ഒടുക്കേ താണ്. | |

<u>വ്യവസ്ഥകളും ഉപാധികളും.</u>

1. നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷാഫോറം കേരളാ സിഡ്കോയുടെ വെബ്സൈറ്റായ www.keralasidco.com-ൽ നിന്നും ലഭിക്കുന്നതാണ്.

2. വ്യവസായ എസ്റ്റേറ്റ്/മിനി വ്യവസായ എസ്റ്റേറ്റ് എന്നിവ സംബന്ധിച്ച് പൂരിപ്പിച്ച അപേക്ഷയോടൊപ്പം ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്-ന്റെ പകർപ്പ്, പ്രോജക്ട് റിപ്പോർട്ട്, തിരിച്ചറിയൽ രേഖയുടെ പകർപ്പ്, 6 മാസത്തിനുള്ളിൽ എടുത്ത ഫോട്ടോ, ഷെഡ്ഡിനു മാത്രം അപേക്ഷിക്കുന്നവർ 1000 രൂപ ഇ.എം.ഡി. ആയും 1000 + (ജി.എസ്.റ്റി) പ്രോസസിംഗ് ഫീ ഇനത്തിലും ഒടുക്കേ താണ്. ഭൂമിക്കായി മാത്രം അപേക്ഷിക്കുന്നവർ 5000 രൂപ + (ജി.എസ്.റ്റി) അപേക്ഷാ ഫീസായി ഒടുക്കണം. ഷെഡ്ഡുൾപ്പെടെയുള്ള ഭൂമിക്കായി അപേക്ഷിക്കുന്നവർ ഷെഡ്ഡിനും ഭൂമിക്കും പ്രത്യേകമായുള്ള അപേക്ഷയും തുകയും ഒടുക്കേ താണ്.

3. വ്യവസായ പാർക്കുകളിൽ ഭൂമി അനുവദിക്കുന്നതിന് മുൻഖണ്ഡികയിൽ പ്രതിപാദിച്ച രേഖകൾക്കു പുറമെ നിരതദ്രവ്യം (ഓരോ പ്ലോട്ടിനും) 5000/- (അയ്യായിരം രൂപ മാത്രം) നിരക്കിൽ ഒടുക്കേ താണ് (ഭൂമി അനുവദിക്കപ്പെടാത്ത സാഹചര്യത്തിൽ തിരികെ നൽകും). ഭൂമി അനുവദിച്ചാൽ പ്രസ്തുത തുക ഭൂമിയുടെ ലീസ് പ്രീമിയത്തിൽ കുറവ് വരുത്തി കണക്കാക്കും. കൂടാതെ രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ 3000/- (മൂവായിരം രൂപ മാത്രം) (തിരികെ നൽകാത്ത തുക) ആകെ 8000/- രൂപയുടെ ഡി.ഡി. ആയി ഉൾപ്പെടുത്തേ താണ്.

4. പൂരിപ്പിച്ച അപേക്ഷകൾ 01.07.2026 മുതൽ 15.07.2026 തിയതി, 5.00 പി.എം-ന് മുമ്പായി ബന്ധപ്പെട്ട എസ്റ്റേറ്റ് മാനേജർമാർക്ക് സമർപ്പിക്കേ താണ്.

5. ഷെഡ്ഡുകൾ നിലവിലുള്ള അവസ്ഥയിലായിരിക്കും അനുവദിച്ചു നൽകുന്നത്. സിഡ്കോ, ഷെഡ്ഡുകളുടെ അറ്റകുറ്റപണികൾക്ക് തുകകൾ ഒന്നും ചിലവാക്കുന്നതല്ല. ഷെഡ്ഡുകൾ അലോട്ട് ചെയ്ത് ലഭിക്കുന്ന വ്യവസായികൾ ഷെഡ്ഡുകളുടെ അറ്റകുറ്റപ്പണി സ്വന്തം ചിലവിൽ സിഡ്കോയുടെ അനുമതിയോടെ നടത്തേ താണ്.

6. ലഭിക്കുന്ന അപേക്ഷകളിൽ നിന്നും യോഗ്യരായ ചെറുകിട വ്യവസായികളെ കണ്ടെത്തുന്നതിനുള്ള ചുമതല ജില്ലാതല ലാന്റ് അലോട്ട്മെന്റ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും.

7. പരസ്യപ്പെടുത്തിയിട്ടുള്ള ഷെഡ്ഡ്/ഭൂമിക്കായി ഏതെങ്കിലും സംരംഭകർ നിരതദ്രവ്യം ഒടുക്കിയിട്ടുണ്ടെങ്കിൽ അസ്സൽ രസീത് ഹാജരാക്കി നിരതദ്രവ്യം തിരികെ വാങ്ങേണ്ടതാണ്. അത്തരം അപേക്ഷകർക്കും പുതിയ നിരതദ്രവ്യം ഒടുക്കി അപേക്ഷ സമർപ്പിക്കാവുന്നതാണ്.

8. നിശ്ചിത തീയതിയ്ക്കകം യോഗ്യരായ അപേക്ഷകരെ ലഭിക്കാത്ത സാഹചര്യത്തിൽ ഈ അലോട്ട്മെന്റിന് 2027 മാർച്ച് 31 വരെ സാധുത ഉണ്ടായിരിക്കുന്നതാണ്. അത്തരം സാഹചര്യങ്ങളിൽ ഇനി പറയും പ്രകാരം പ്രതിമാസം അലോട്ട്മെന്റ് നടത്തുന്നതാണ്..

നിശ്ചിതസമയ പരിധിക്കകം ആവശ്യമായ അപേക്ഷകൾ ലഭിക്കാതിരിക്കുകയോ സമർപ്പിക്കപ്പെട്ട അപേക്ഷകളിൽ യോഗ്യരായ അലോട്ടികൾ ലഭ്യമല്ലാതെ വരികയോ ചെയ്താൽ നോട്ടിഫിക്കേഷന്റെ സാധുവായ കാലയളവിൽ പുതിയൊരു നോട്ടിഫിക്കേഷൻ കൂടാതെ തന്നെ യോഗ്യരായ വാക്ക്-ഇൻ അപേക്ഷകരെ ഈ നോട്ടിഫിക്കേഷൻ പ്രകാരം വ്യവസ്ഥാപിതമായി ജില്ലാതല ലാന്റ് അലോട്ട്മെന്റ് കമ്മിറ്റി മുഖാന്തിരം തെരെഞ്ഞെടുക്കുന്നതാണ്. 2026 ജൂലൈ 15-ന് വൈകിട്ട് 5 പി.എം. സമയ പരിധിക്കകം ലഭിക്കുന്ന അപേക്ഷകൾ ജില്ലാതല ലാന്റ് അലോട്ട്മെന്റ് കമ്മിറ്റിക്ക് സമർപ്പിച്ച് തുടർ തീരുമാനം എടുക്കുന്നതാണ്. ശേഷിക്കുന്ന വ്യവസായ ഭൂപ്രദേശങ്ങളിൽ ഓരോ ഘട്ടങ്ങളിലും ഒഴിവ് വരുന്ന ഭൂമി, ഷെഡ്ഡ് എന്നിവയുടെ വിശദാംശങ്ങൾ സിഡ്കോയുടെ ഔദ്യോഗിക വെബ് സൈറ്റായ (www.keralasidco.com) എന്നതിൽ എല്ലാ മാസവും ആദ്യ 7 പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ പ്രസിദ്ധീകരിക്കുന്നതാണ്. കൂടാതെ ബന്ധപ്പെട്ട വ്യവസായ എസ്റ്റേറ്റുകളിൽ നോട്ടീസ് ആയി ഇക്കാര്യം ബന്ധപ്പെട്ട എസ്റ്റേറ്റ് മാനേജർമാർ പതിക്കുകയും ബന്ധപ്പെട്ട വ്യവസായ എസ്റ്റേറ്റിലെ 3 വ്യവസായികൾ അല്ലെങ്കിൽ പരിസരവാസികൾ അല്ലെങ്കിൽ ടി. വ്യവസായ എസ്റ്റേറ്റിൽ ജോലി നോക്കുന്ന തൊഴിലാളികൾ എന്നിവരെ സാക്ഷികളായും ഉറപ്പാക്കിയുള്ള രേഖകൾ സൂക്ഷിക്കേണ്ടതുമാണ്. എല്ലാ എസ്റ്റേറ്റ് മാനേജർമാരും വ്യവസായ എസ്റ്റേറ്റുകളിൽ ഒഴിവുള്ള ഭൂമി, ഷെഡ്ഡ് എന്നിവ എല്ലാ മാസത്തെയും അവസാനത്തെ 7 പ്രവൃത്തി ദിവസങ്ങളിൽ ഡിവിഷനിലേയ്ക്ക് റിപ്പോർട്ട് ചെയ്യുകയും ഡിവിഷനിലെ ബന്ധപ്പെട്ട ഡി.ഒ.മാർ ആയത് ആവശ്യമായ വിവരങ്ങളോടെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചുവെന്ന് ഉറപ്പാക്കേണ്ടതുമാണ്. ഇപ്രകാരത്തിൽ ലഭ്യമാകുന്ന വിവരങ്ങൾ അടിസ്ഥാനപ്പെടുത്തി തുടർന്നുവരുന്ന 7 പ്രവർത്തി ദിവസങ്ങൾക്കുള്ളിൽ മേൽ സൂചിപ്പിച്ച വെബ് സൈറ്റിൽ ലഭ്യമാകുന്ന ഒഴിവിന്റെ അടിസ്ഥാനത്തിൽ മാത്രമേ അപേക്ഷകരിൽ നിന്ന് അപേക്ഷകൾ സ്വീകരിക്കാൻ പാടുള്ളൂ എന്ന് ഇതിനാൽ നിർദ്ദേശിക്കുകയും ചെയ്യുന്നു. ഇപ്രകാരം ആദ്യ 7 പ്രവർത്തി ദിവസങ്ങൾക്കുള്ളിൽ പ്രസിദ്ധീകരിക്കുന്ന ഒഴിവിന്റെ അടിസ്ഥാനത്തിൽ ഓരോ മാസത്തിലെയും 10 മുതൽ 25 വരെ തിയതികൾക്കുള്ളിൽ ലഭിക്കുന്ന അപേക്ഷകൾ ബന്ധപ്പെട്ട ജില്ലാതല ലാന്റ് അലോട്ട്മെന്റ് കമ്മിറ്റിക്ക് കൈമാറിയാകും അലോട്ട്മെന്റ് നടപടികൾ പൂർത്തീകരിക്കുക. ഈ നോട്ടിഫിക്കേഷനിൽ എന്തെങ്കിലും പിഴവുണ്ടെങ്കിൽ ആയത് വ്യവസ്ഥാപിതമായി തിരുത്തി സിഡ്കോയുടെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. ആയത് ഈ നോട്ടിഫിക്കേഷന്റെ സാധുതയെ സ്വീകാര്യമാക്കുന്നതുമാണ്. നോട്ടിഫിക്കേഷന്റെ സാധുവായ കാലയളവിനിടെ റവന്യൂ കാര്യാലയങ്ങളിൽ നിന്ന് പുതിയ ലാന്റ് വാല്യൂ സർട്ടിഫിക്കറ്റ് ലഭിക്കുകയാണെങ്കിൽ

പ്രസ്തുത തിയതിക്കുശേഷം നടത്തുന്ന അലോട്ട്മെന്റിന് പുതിയ ലാന്റ് വാല്യു (വിലകൂടിയാലും, കുറഞ്ഞാലും) ആയിരിക്കും ബാധകമാവുക. ഭൂമി/ഷെഡ് സംബന്ധിച്ച വില ഉയർത്താനും താഴ്ത്താനും മാനേജിംഗ് ഡയറക്ടർക്ക് അധികാരം ഉണ്ടായിരിക്കുന്നതും ഇതിന്മേലുള്ള പരാതികൾ അന്തിമമായി തീർപ്പാക്കാനുള്ള അധികാരം സിഡ്കോ ബോർഡ് ഓഫ് ഡയറക്ടേഴ്സിൽ നിക്ഷിപ്തമായിരിക്കുന്നതുമാണ്. നോട്ടിഫിക്കേഷന്റെ മോഡ് ഓഫ് അലോട്ട്മെന്റ് പ്രത്യേകമായി പ്രതിപാദിച്ചിട്ടു ണ്ടെങ്കിലും ടി വ്യവസ്ഥയിൽ സർക്കാർ ഉത്തരവുകൾ പ്രകാരമോ യുക്ത മെന്ന് സിഡ്കോയ്ക്ക് തോന്നുന്ന പക്ഷമോ ആവശ്യമായ ഭേദഗതികൾ അതതു സമയം സിഡ്കോ വരുത്തുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് അതാത് എസ്റ്റേറ്റ് മാനേജർമാരുമായി ബന്ധപ്പെടുകയോ സിഡ്കോയുടെ വെബ്സൈറ്റ് (www.keralasidco.com) സന്ദർശിക്കുകയോ ചെയ്യുക.

ഒപ്പ്